# 101. ക്ലാസ്മുറികളിൽ വായനഗ്രൂപ്പുകൾ

കേരളത്തിൽ വളരെയധികം പ്രചരിപ്പിക്കപ്പെട്ട ഒരു മുദ്രാവാക്യമാണു 'വായിച്ചു വളരുക' എന്നതു്. ദിനപത്രങ്ങളുടെയും വാരികകളുടെയും പ്രചാരം അടിസ്ഥാനമാക്കി നോക്കിയാൽ ഇവിടെ ധാരാളം വായനക്കാരുണ്ടെന്നും പറയേണ്ടിവരും. എന്നാൽ, അർത്ഥപൂർണമായും സർഗാത്മകമായും വായിക്കുന്നവർ വളരെ ഏറെയുണ്ടെന്നു തോന്നുന്നില്ല.

കടലാസ്സിലെ ലിപികളിലൂടെ കണ്ണു കടന്നുപോകുന്നതു് വായനയുടെ അതിപ്രാഥമികമായ ഘട്ടംമാത്രമേ ആവുന്നുള്ളു. കണ്ണിൽപ്പെട്ട അക്ഷരങ്ങളെ വാക്കുകളും വാക്കുകളെ വാക്യങ്ങളും വാക്യങ്ങളെ ഖണ്ഡികകളുമാക്കി മനസ്സിൽ ഉദ്ഗ്രഥിക്കുന്നതാണു് അടുത്ത ഘട്ടം. അങ്ങനെ മനസ്സിൽ രൂപംകൊണ്ട ഖണ്ഡികകളിൽ അടങ്ങിയ ആശയങ്ങളെ, അവയുടെ പരസ്പരബന്ധത്തോടുകൂടി ഉൾക്കൊള്ളുന്നതു വായനയുടെ മൂന്നാം ഘട്ടം ആകുന്നു. സ്കൂൾ ഭാഷയിൽ 'കോമ്പ്രിഹെൻഷൻ' എന്നു് അറിയപ്പെടുന്ന ഈ ഘട്ടം വായനയിൽ ഏററവും പ്രാധാന്യമർഹിക്കുന്ന ഒന്നാണു്.

പക്ഷേ, ആശയം ഗ്രഹിക്കുന്നതോടുകൂടി വായന പൂർത്തിയാവുന്നില്ല. ഗ്രഹിച്ച ആശയത്തെ സ്വന്തം പൂർവാനുഭവങ്ങളുടെ ഉരകല്ലിൽ ഉരച്ചുനോക്കി, അതിൽ ത്യാജ്യമെത്ര, ഗ്രാഹ്യമെത്ര എന്നു നിർണയിക്കേണ്ടതുണ്ടു്. പൂർവാനുഭവം പ്രാമാണികവും അസന്ദിഗ്ധവുമാണെങ്കിൽ, അതിനോടു പൊരുത്തപ്പെടുന്ന ആശയങ്ങളെ വായനവഴി ഉൾക്കൊണ്ടു്, ആ അനുഭവത്തിനു് ആഴവും പരപ്പും വിശദതയും ദൃഢതയും ഉളവാക്കണം. പൂർവാനുഭവത്തോടു പെരുത്തപ്പെടാത്ത ആശയങ്ങളാണു വായനയിൽനിന്നു് ഉരുത്തിരിയുന്നതെങ്കിൽ, അനുഭവത്തെ പുതിയ ആശയത്തിന്റെ വെളിച്ചത്തിൽ പുനഃപരിശോധിച്ചു്, അതിൽ വന്നിരിക്കാവുന്ന അബദ്ധധാരണകൾ ഒഴിവാക്കണം. അതിനുശേഷവും പുതിയ ആശയം അനുഭവവുമായി പൊരുത്തപ്പെടുന്നില്ലെങ്കിൽ, പുതിയ ആശയത്തെ സമഗ്രമായി വീണ്ടും പരിശോധിക്കുകയും അതിലെ തെററും ശരിയും വേർതിരിക്കുകയും വേണം. സമാനങ്ങളായ മററു പല സ്രോതസ്സുകളിൽനിന്നും കിട്ടുന്ന ആശയങ്ങളുടെ സാഹായ്യം ഈ പരിശോധനയ്ക്കു് ആവശ്യമായിവരും. അദ്ധ്യാപകർ, വിദഗ്ദ്ധന്മാർ, മുതലായവരുടെയും, ആധികാരിക സന്ദർഭഗ്രന്ഥങ്ങളുടെയും മററും ഉപയോഗം ഇവിടെയാണു്.

വായന വെറും ഉദാസീനമോ ഏകപക്ഷീയമോ ആയ ഒരു പ്രക്രിയയല്ലാതെ, അർത്ഥപൂർണവും സർഗാത്മകവുമാകുന്നതു് ഈ ഘട്ടത്തിലാണു്. ഗ്രന്ഥകാരന്റെ ആശയവും വായനക്കാരന്റെ പൂർവാനുഭവവും തമ്മിൽ ഇവിടെ പ്രയോജനകരമായ സംവാദം, ചിലപ്പോൾ കലുഷമായ കലഹംതന്നെ നടക്കുന്നു. ഇതിന്റെ ഫലം ഇവ രണ്ടിന്റെയും അനുരഞ്ജനമാവാം, അല്ലെങ്കിൽ ഏതെങ്കിലും ഒന്നിനെ നിരസിച്ചു മറേറതു് ആധിപത്യം ചുമത്തിയെന്നുംവരാം. ഏതായാലും ഈ വാദത്തിനുശേഷം വായനക്കാരൻ ഒരിക്കലും പഴയ ആളല്ല. അയാളുടെ സംസ്കാര മണ്ഡലത്തിൽ അനർഘമായ ചില മുതൽക്കൂട്ടലുകൾ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. അയാൾ വായിച്ചു വളർന്നിരിക്കുന്നു.

പ്രത്യേക പരിശീലനം കൂടാതെതന്നെ വായനയെ സർഗാത്മകമാക്കിത്തീർക്കുന്നവർ ഇല്ലായ്കയില്ല. എന്നാൽ, ചെറുപ്പത്തിൽ, പ്രത്യേ

കിച്ച് അഞ്ചാംക്ലാസ്സുമുതൽ പത്താംക്ലാസ്സുവരെയുള്ള ആറു വർഷങ്ങളിൽ, സ്കൂൾ മുറികളിൽവച്ചു ശരിയായ പരിശീലനം നൽകുന്നപക്ഷം വിദ്യാർത്ഥികളിൽ വളരെ വലിയ ഒരു ശതമാനം സർഗാത്മകമായി വായിക്കാൻ പഠിക്കുകതന്നെചെയ്യും.

ഇന്നു നമ്മുടെ വിദ്യാലയങ്ങളിലെ ഭാഷാപഠനക്ലാസ്സുകൾ, നിർഭാഗ്യവശാൽ, ഇങ്ങനെയൊരു ലക്ഷ്യം മുന്നിൽ വയ്ക്കുന്നില്ല. പല നിലവാരങ്ങളിലുള്ള അമ്പതോ അറുപതോ കുട്ടികളുമായി ഒരേ സമയം മല്ലിടേണ്ടിവരുന്ന ടീച്ചർക്ക് ഇത്തരം ഉയർന്ന ലക്ഷ്യങ്ങളെപ്പററി ചിന്തിക്കാൻ, സാധാരണഗതിയിൽ സാധിച്ചുവെന്നുവരില്ല. പാഠം ക്ലാസ്സിൽ വായിക്കുക, ഏതാനും പദങ്ങളുടെ അർത്ഥവും ഏതാനും വാക്യരചനാപ്രകാരങ്ങളും പറഞ്ഞുകൊടുക്കുക, പാഠസംക്ഷേപവും പ്രധാന ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും എഴുതിക്കൊടുക്കുക—ഇത്രയും ചെയ്യാൻതന്നെ ടീച്ചർക്കു സമയവും സൗകര്യവും കിട്ടിയേക്കുകയില്ല.

പക്ഷേ, പരിഹരിക്കാൻ കഴിയാത്ത ഒന്നല്ല ഈ ദുഃസ്ഥിതി. ഇന്നത്തെ പരിതഃസ്ഥിതിയിൽത്തന്നെ, ഇതിനു വളരെയധികം മാററം വരുത്താൻ നമുക്കു വേണമെങ്കിൽ സാധിക്കും.

അർത്ഥപൂർണമായും സർഗ്ഗാത്മകമായും വായിക്കുന്നതിന് കുട്ടികളെ പരിശീലിപ്പിക്കുവാൻ പരിഷ്കൃതരാജ്യങ്ങളിലെ സ്കൂളുകളിൽ പ്രായോഗികമാക്കിയിട്ടുള്ള ഒന്നാണ് 'വായനഗ്രൂപ്പ്'' പരിപാടി.

ഇതനുസരിച്ച് ഓരോ ക്ളാസ്സിലെയും കുട്ടികളെ അഞ്ചോ, ആറോ 'വായനഗ്രൂപ്പുകൾ' ആയി തിരിക്കുന്നു. ഓരോ ഗ്രൂപ്പിലും അഞ്ചുമുതൽ ഏഴുവരെ കുട്ടികൾ ആവാം. എട്ടാമതു് ഒരു കുട്ടികൂടി വന്നുപെട്ടാൽ ആ ഗ്രൂപ്പിനെ രണ്ടായി തിരിക്കണം.

സ്കൂൾ വർഷാരംഭത്തിൽ, ഏതാനും ദിവസം ക്ളാസ്സിലെ കുട്ടികളുമായി ഇടപെട്ട് അവരുടെ നിലവാരം അറിഞ്ഞശേഷം, ടീച്ചർ വേണം ഈ ഗ്രൂപ്പുവിഭജനം നടത്താൻ. ഏററവും മികച്ച നിലവാരമുള്ള ആറോ, ഏഴോ കുട്ടികളെ ചേർത്തു് ഒരു ഗ്രൂപ്പ് ഉണ്ടാക്കുക. അതുപോലെ ഏററവും താഴ്ന്ന നിലവാരമുള്ള കുട്ടികളെയും ഒരു ഗ്രൂപ്പാക്കുക. ഇടയ്ക്കുള്ള കുട്ടികളെ തരംപോലെ ഗ്രൂപ്പുകളാക്കി തിരിക്കുക.

ഓരോ ഗ്രൂപ്പും സ്വയംഭരണമുള്ള ഒരു യൂണിററായി പ്രവർത്തിക്കണം. ഓരോന്നിനും ഒരു പ്രസിഡൻറും ഒരു സെക്രട്ടറിയും വേണം. ഗ്രൂപ്പിലെ വിദ്യാർത്ഥികൾതന്നെ ഇവരെ തിരഞ്ഞെടുക്കട്ടെ. നാലോ, അഞ്ചോ ആഴ്ചകൾ കഴിഞ്ഞു്, ഇവരുടെ സ്ഥാനത്തു് വേറെ രണ്ടു പേരെ തിരഞ്ഞെടുക്കാം. ഇങ്ങനെ ഒരു വർഷം കഴിയുമ്പോഴേക്കു് ഗ്രൂപ്പിലെ എല്ലാവരും ഈ സ്ഥാനങ്ങളിലൊന്നു് കുറച്ചുകാലത്തേക്കെങ്കിലും വഹിച്ചു പരിചയം നേടട്ടെ.

ഓരോ ഗ്രൂപ്പിനും വായിക്കാൻ ഒരു ലൈബ്രറിപ്പുസ്തകം കൊടുക്കുക. ഈ പുസ്തകം അതാതു ക്ളാസ്സിലെ നിലവാരത്തിനു ചേർന്നതോ, അല്പം താഴ്ന്നതോ, അല്പം ഉയർന്നതോ ആവാം. വായന ഒരു വെല്ലുവിളിയാവണമെങ്കിൽ, നിലവാരം അല്പം ഉയർന്നിരിക്കണം. അതേസമയം, വായിച്ചതു മനസ്സിലാകണമെങ്കിൽ നിലവാരം വളരെയധികം ഉയരുകയുമരുതു്. ഒരു ഗ്രൂപ്പിൽ ഉള്ള എല്ലാ വിദ്യാർത്ഥികൾക്കും പുസ്തകത്തിന്റെ ഓരോ കോപ്പി കൊടുക്കാൻ കഴിഞ്ഞാൽ വളരെ നന്നു്. ഒരു ഗ്രൂപ്പ് വായിച്ചുകഴിഞ്ഞ പുസ്തകം മററു ഗ്രൂപ്പുകാർക്കു കൊടുക്കുകയുമാവാം.

ഓരോ ആഴ്ചയും, ഒരു ദിവസം ഒരു നിശ്ചിതസമയത്തു് ഗ്രൂപ്പ് യോഗങ്ങൾ കൂടണം. ഇതിനു് ഇരുപതോ, മുപ്പതോ മിനിററു മതിയാവും. യോഗത്തിൽ പ്രസിഡൻറ് അദ്ധ്യക്ഷതവഹിക്കുകയും, അടുത്ത യോഗ

ത്തിനു മുമ്പ് അംഗങ്ങളെല്ലാം വായിച്ചു തയ്യാറാവേണ്ട ഗ്രന്ഥഭാഗം (ഏതാനും പേജുകൾ) നിർദ്ദേശിക്കുകയും വേണം. ഇതു പറയുക മാത്രം ചെയ്യാതെ ബോർഡിൽ എഴുതിയിടുന്നതു നല്ലതാണ്. ഗ്രൂപ്പ് യോഗം ശരിക്കു നടത്തേണ്ട ചുമതലയും പ്രസിഡണ്ടിന്റേതായിരിക്കും. ഗ്രൂപ്പ് പ്രസിഡണ്ടുമാരെ ക്ളാസ്ടീച്ചർ സഹായിക്കുകയും, ശരിയായ വഴിയിൽ അവരെ നയിക്കുകയും വേണം.

ഗ്രൂപ്പ് സെക്രട്ടറി ഗ്രൂപ്പിലെ അംഗങ്ങളുടെ പേരടങ്ങിയ ഒരു രജിസ്റ്റർ സൂക്ഷിക്കണം. ഗ്രൂപ്പ് യോഗങ്ങളിൽ ചർച്ചയ്ക്കു വരുന്ന രേഖകൾ ശേഖരിക്കുക, അംഗങ്ങൾ യോഗങ്ങളിൽ പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, യോഗങ്ങളിൽ ഹാജരാകാതെയോ, സക്രിയമായി പങ്കെടുക്കാതെയോ ഇരിക്കുന്ന വിദ്യാർത്ഥികളുടെ വിവരം ടീച്ചറെ അറിയിക്കുക മുതലായതെല്ലാം സെക്രട്ടറിയുടെ ചുമതലയായിരിക്കും.

ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും അതാതു യോഗത്തിൽ ചർച്ച ചെയ്യാൻ നിശ്ചിത ഗ്രന്ഥഭാഗം മുൻകൂട്ടി വായിച്ചു പഠിച്ചു വരണം. ഈ ഗ്രന്ഥഭാഗം നാലോ, അഞ്ചോ വാക്യങ്ങളിൽ സംക്ഷേപിച്ച് എഴുതുകയും, അതു യോഗത്തിൽ വായിക്കുകയും വേണം. ആ ഗ്രന്ഥഭാഗത്തിലെ അർത്ഥം മനസ്സിലാവാത്ത പദങ്ങൾ എഴുതിക്കൊണ്ടുവരണം; യോഗത്തിൽവെച്ച് അവയുടെ അർത്ഥം എഴുതിയെടുക്കണം. തങ്ങൾ വായിച്ച ഗ്രന്ഥഭാഗത്തിലെ പ്രതിപാദ്യത്തെപ്പററി 'എങ്ങനെ?' അല്ലെങ്കിൽ 'എന്തിനു്?' എന്നതുൾക്കൊള്ളുന്ന മൂന്നോ, നാലോ ചോദ്യങ്ങൾ അവർ തയ്യാറാക്കണം. 'എന്തു്?' 'എപ്പോൾ?' 'എവിടെ?' തുടങ്ങിയവയുൾക്കൊള്ളുന്ന ചോദ്യങ്ങൾ പോരാ. കാരണം, വിമർശനബുദ്ധി ഉപയോഗിക്കേണ്ടതു് 'എങ്ങനെ?' എന്നും 'എന്തിനു്?' എന്നും ഉള്ള ചോദ്യങ്ങൾക്കു് ഉത്തരം കാണുമ്പോഴാണ്. ചോദ്യത്തിന്റെ ഉത്തരം മനസ്സിലാക്കുന്നതുപോലെയോ, അതിൽ കൂടുതലോ പ്രധാനമാണ് ചോദ്യം രൂപവത്കരിക്കുന്നതു്. യഥാർത്ഥത്തിൽ ചോദ്യം ചോദിക്കാനുള്ള കഴിവ് ഉത്തരം നൽകാനുള്ള കഴിവിനേക്കാളേറെ സർഗാത്മകതയുടെ ചിഹ്നമാകുന്നു. ഗ്രൂപ്പിലെ അംഗങ്ങളുടെ ചോദ്യങ്ങൾ യോഗങ്ങളിൽ വായിക്കുകയും, എല്ലാ അംഗങ്ങളും അവയ്ക്കു് സ്വപ്രതിഭ അനുസരിച്ച് ഉത്തരം നൽകുകയും വേണം.

ഓരോ ഗ്രൂപ്പിനും ഒരദ്ധ്യയനവർഷത്തിൽ അഞ്ചോ, ആറോ പുസ്തകങ്ങൾ വായിക്കാനും അവയെപ്പററി ഫലപ്രദമായി ചർച്ചചെയ്യാനും അവസരം ലഭിക്കും. ഇടയ്ക്കു്, ആവശ്യമെങ്കിൽ ഗ്രൂപ്പുകളിലെ വിദ്യാർത്ഥികളെ പരസ്പരം മാററാം. യോഗങ്ങളിൽ സന്നിഹിതരാകാതിരിക്കുകയോ, ക്രിയാത്മകമായി പങ്കെടുക്കാതിരിക്കുകയോചെയ്യുന്ന വിദ്യാർത്ഥികളെ ഗ്രൂപ്പുകളിൽനിന്നു പുറത്താക്കാം. പക്ഷേ, ഇതൊരപമാനമാണെന്ന ബോധം അവർക്കും രക്ഷിതാക്കൾക്കും ആദ്യമായി ഉളവാക്കണം. ഇങ്ങനെ പുറത്താക്കിയ വിദ്യാർത്ഥികളെ, അവർ പശ്ചാത്തപിച്ച് പലകുറി അപേക്ഷിച്ചാൽ മാത്രമേ, വീണ്ടും ഗ്രൂപ്പിൽ ചേർക്കാവൂ.

ഗ്രൂപ്പ്യോഗങ്ങളിൽ ടീച്ചർ ക്രിയാത്മകമായി സഹകരിക്കുകയും പ്രസിഡണ്ടിനേയും സെക്രട്ടറിയേയും സഹായിക്കുകയും, ഗ്രൂപ്പ്യോഗം ഗൗരവമുള്ള ഒന്നാണെന്ന ബോധം വിദ്യാർത്ഥികളിൽ ജനിപ്പിക്കുകയും വേണം.

ഗ്രൂപ്പ്യോഗത്തിന്റെ കാര്യപരിപാടി താഴെ ചേർക്കുന്ന വിധത്തിൽ ആകുന്നതു കൊള്ളാം:

**1.** ഓരോ അംഗവും ചർച്ചചെയ്യുന്ന ഗ്രന്ഥഭാഗത്തിന്റെ, താൻ എഴുതിയ സംക്ഷേപം ക്രമത്തിൽ വായിക്കുന്നു. അതിനുശേഷം ആരുടെ

സംക്ഷേപമാണ് മെച്ചമെന്നും, അതു മെച്ചമായതു് എന്തുകൊണ്ടെന്നും ഗ്രൂപ്പ് ചർച്ചചെയ്തു തീരുമാനിക്കുന്നു.

2. തങ്ങൾ തയ്യാറാക്കിയ ചോദ്യങ്ങൾ ചോദിക്കാൻ ഓരോ അംഗത്തിനും അവസരം പ്രസിഡൻറ് നൽകുന്നു. ഈ ചോദ്യങ്ങൾക്ക് എല്ലാ അംഗങ്ങളും ഉത്തരം നൽകണം. ഉത്തരത്തെപ്പററി സംശയം വന്നാൽ, പ്രസക്തമായ ഗ്രന്ഥഭാഗം വായിച്ച് സംശയനിവൃത്തി വരുത്തണം. ഉത്തരം പറഞ്ഞ അംഗംതന്നെ ഇതു ചെയ്യണം.

3. ഓരോ അംഗവും തങ്ങൾക്ക് അർത്ഥം മനസ്സിലാകാത്ത വാക്കുകളുടെ പട്ടിക വായിക്കുന്നു. അറിവുള്ളവർ അവയുടെ അർത്ഥം പറഞ്ഞുകൊടുക്കുന്നു. ആവശ്യമെങ്കിൽ സംശയനിവൃത്തിക്കായി നിഘണ്ടു നോക്കുകയോ, ടീച്ചറോടു ചോദിക്കുകയോചെയ്യുന്നു.

4. ഗ്രന്ഥഭാഗത്തിൽ തങ്ങൾക്കു രസിച്ചതെന്തെന്ന് ഓരോ അംഗവും പറയുന്നു. തുടർന്ന് ഗ്രന്ഥഭാഗത്തിൽനിന്ന് ഉത്ഭവിക്കുന്ന പ്രശ്നങ്ങൾ ചർച്ചചെയ്യുന്നു.

5. അവസാനം സെക്രട്ടറി എല്ലാ കടലാസ്സുകളും വാങ്ങി ടീച്ചർക്ക് എത്തിച്ചുകൊടുക്കുന്നു. യോഗത്തിന്റെ റിപ്പോർട്ടും സെക്രട്ടറി എഴുതി ടീച്ചർക്ക് അയയ്ക്കുന്നു. ടീച്ചർ ഈ കടലാസ്സുകൾ നോക്കുകയും, വേണ്ട മാർഗദർശനം നൽകുകയും വേണം. ഇവയെ വിദ്യാർത്ഥികളുടെ രചനയായി കണക്കാക്കി തെററു തിരുത്തണം. വേണമെങ്കിൽ മാർക്കും കൊടുക്കാം. കൈയെഴുത്ത്, അക്ഷരശുദ്ധി, വാക്യശുദ്ധി, ചിഹ്നം മുതലായവ പ്രത്യേകം ശ്രദ്ധിക്കണം.

ഏററവും നല്ല ഗ്രൂപ്പിന്റെ യോഗങ്ങൾ നടത്തുമ്പോൾ, മററു ഗ്രൂപ്പുകളെ സന്ദർശകരായി ചിലപ്പോൾ ക്ഷണിക്കുന്നതും കൊള്ളാം. അവസാനം ഒരു പുസ്തകം വായിച്ചുകഴിഞ്ഞ ഗ്രൂപ്പിന് ആ പുസ്തകത്തെ ആസ്പദമാക്കി ഒരു ലിഖിതപരീക്ഷണം നടത്താൻ സാധിച്ചാൽ വളരെ നന്നായിരിക്കും.

'വായനഗ്രൂപ്പ്' പദ്ധതിക്ക് താഴെ ചേർക്കുന്ന ഗുണങ്ങളുണ്ട്:

1. നമ്മുടെ ഇന്നത്തെ പരിതഃസ്ഥിതിയിൽപോലും ക്ലാസ്സുമുറികളിൽ ഇതു നടപ്പിലാക്കാം.

2. ഓരോ കുട്ടിക്കും സ്വന്തം വ്യക്തിത്വത്തിനനുസരിച്ച ശിക്ഷണം ഇതിൽനിന്നു ലഭിക്കുന്നു.

3. കുട്ടികളിൽ ആത്മവിശ്വാസം, നേതൃത്വക്കഴിവ്, ജനാധിപത്യപരിചയം എന്നിവ ഇതുമൂലം ഉളവാകുന്നു.

4. വായനയോട് സർഗാത്മകമായ മനോഭാവം ഇതുമൂലം വിദ്യാർത്ഥികളിൽ വളരുന്നു.

5. കുട്ടികളുടെ കുറവുകൾ കണ്ടറിയാനും അവ പരിഹരിക്കാനും ഈ പരിപാടി ടീച്ചർക്ക് അവസരം നൽകുന്നു.

6. കുട്ടികൾക്ക് വാചിക—ലിഖിത—പരിശീലനം കൈവരുന്നു.

7. ഓരോ കുട്ടിയും ക്രിയാത്മകമായി പഠിപ്പിൽ പങ്കെടുക്കുന്നു.

8. ലജ്ജാശീലരും മൗനികളുമായ കുട്ടികൾകൂടി സംസാരിക്കാനും സൗഹാർദങ്ങൾ സ്ഥാപിക്കാനും തുടങ്ങുന്നു.

9. സഹപാഠികളിൽനിന്നുള്ള സമ്മർദം (പിയർ പ്രഷർ)കുട്ടികളെ സൽപ്രവർത്തനങ്ങളിലേക്കു നയിക്കുന്നു. അവരുടെ സാമൂഹ്യവിരുദ്ധ നടപടികൾ ഇതുമൂലം ഇല്ലാതാവുകയോ, കുറയുകയോചെയ്യുന്നു.

10. സിലബസ്സിനു പുറമെ പല വിഷയങ്ങളും പല നിലവാരത്തിൽ കുട്ടികൾക്കു പരിചയപ്പെടുത്തിക്കൊടുക്കാൻ കഴിയുന്നതിനാൽ, ക്ലാസ് പഠനത്തെ ഇതു സമ്പന്നതരമാക്കുന്നു.

നമ്മുടെ ഏതെങ്കിലും ചില വിദ്യാലയങ്ങളിൽ, പരീക്ഷണാത്മകമായിട്ടായാലും വായനഗ്രൂപ്പുകൾ സ്ഥാപിച്ച് നടത്തുവാൻ ഉത്സാഹികളായ അദ്ധ്യാപകർ മുന്നോട്ടുവരുമെന്നാശിക്കുന്നു. വിദ്യാഭ്യാസത്തിലെ വിങ്ങലിനും നിശ്ചലാവസ്ഥയ്ക്കും പരിഹാരം ഇതിൽനിന്ന് ഒരുപക്ഷേ, മുളയെടുത്തേക്കാം.

(6 മെയ്, 1982)

# 102. വിവർത്തനം

മലയാളത്തിലെ യുഗസ്രഷ്ടാവായ ചരിത്രാഖ്യായികാകാരനായിരുന്നു സി. വി. രാമൻപിള്ള. അദ്ദേഹത്തിന്റെ നൂററിയിരുപത്തഞ്ചാം ജന്മവാർഷികം ഇക്കഴിഞ്ഞ സെപ്തംബർ ആദ്യത്തിൽ തൃശ്ശൂരിൽവെച്ച് കേന്ദ്ര സാഹിത്യ അക്കാദമിയും കേരള സാഹിത്യ അക്കാദമിയും ചേർന്ന് ആഘോഷിക്കുകയുണ്ടായി. ഇന്ത്യയിലെ പല ഭാഷകളിലെയും പ്രശസ്തരായ എഴുത്തുകാർ പങ്കെടുത്തിരുന്ന ഈ ആഘോഷത്തിനിടയ്ക്ക് ഭാരതീയ ഭാഷകളിലെ ഉത്കൃഷ്ടകൃതികൾ ഇംഗ്ലീഷിലേക്കും, തമ്മിൽത്തമ്മിലും, തർജമചെയ്യുന്നതിനു കഴിവുള്ള വിവർത്തകരെ തയ്യാറാക്കേണ്ടതെങ്ങനെ എന്ന പ്രശ്നം, പ്രാസംഗികമായി പൊന്തിവരികയുണ്ടായി.

ഇന്ത്യയിലെ പല ഭാഷകളിലുമുള്ള മികച്ച കൃതികൾ മാത്രമല്ല, അത്രയൊന്നും മികച്ചവയല്ലാത്ത കൃതികൾക്കൂടി ഉടനെയോ, വൈകിയോ, മലയാളത്തിലേക്കു വിവർത്തനംചെയ്യപ്പെടുന്നുണ്ട്. എന്നാൽ, മലയാളത്തിലെ സർവോത്കൃഷ്ടകൃതികൾപോലും മററു ഭാരതീയഭാഷകളിലേക്കു അപൂർവമായേ വിവർത്തിതങ്ങളാകുന്നുള്ളു. കേരളത്തിലെ സാഹിത്യകാരന്മാർക്കിടയിൽ ഏറെക്കാലമായി നിലവിലുള്ള ഈ പരാതി, സെപ്തംബർ 11–ാം തീയതി നടന്ന ഒരു സമ്മേളനത്തിൽ, കേരള സാഹിത്യ അക്കാദമിയുടെ കാര്യദർശിയായ ശ്രീ പവനൻ ഉന്നയിച്ചു. ഇതിനെത്തുടർന്ന് കേന്ദ്ര സാഹിത്യ അക്കാദമിയുടെ അദ്ധ്യക്ഷനായ ഡോ. വി. കെ. ഗോകാക്, ഇന്ത്യൻ ഭാഷകളിലെ കൃതികൾ ഇംഗ്ലീഷിലേക്കു സാഹിത്യഭംഗി കളയാതെ വിവർത്തനംചെയ്യാൻ കഴിവുള്ളവർ കുറവാണെന്ന വസ്തുതയിലേക്കു വിരൽചൂണ്ടി. തർജമക്കാരെന്ന നിലയിൽ ഇന്ന് അറിയപ്പെടുന്ന പലരും മൂലകൃതിയുടെ വികലമായ പുനരാവിഷ്കരണമാണ് കാഴ്ചവെക്കുന്നതു് എന്ന് അദ്ദേഹം കരുതുന്നു. ഈ ദുഃസ്ഥിതി പരിഹരിക്കുന്നതിനു സർവകലാശാലകൾ മുൻകൈയെടുക്കണമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അദ്ദേഹം ബാംഗ്ലൂർ സർവകലാശാലയുടെ വൈസ് ചാൻസലർ ആയിരുന്നപ്പോൾ നല്ല തർജമക്കാരെ പരിശീലിപ്പിക്കുന്നതിനുവേണ്ടി സിലബസ്സിൽ (ഇംഗ്ലീഷ് എം. എ. യുടെ സിലബസ്സിൽ ആയിരിക്കാം) ചില മാററങ്ങളെല്ലാം വരുത്തുകയുണ്ടായി. എന്നാൽ, ഡോ. ഗോകാക് വൈസ് ചാൻസലർ പദവി വെടിഞ്ഞതോടെ, പഴയ സിലബസ് തിരിച്ചുവന്നു! സി. വി. രാമൻപിള്ളയുടെ നോവലുകൾ ഭംഗിയായും പര്യാപ്തമായും ഇംഗ്ലീഷിലേക്കു വിവർത്തനംചെയ്താൽ, പ്രസിദ്ധീകരിക്കാൻ കേന്ദ്ര സാഹിത്യ അക്കാദമി തയ്യാറാണെന്ന് അദ്ദേഹം ഉറപ്പുനൽകി.

ഒരു ഇന്ത്യൻഭാഷയിലുള്ള ഉത്തമകൃതികൾ ഇംഗ്ലീഷ് വിവർത്തനത്തിലൂടെ വേണമോ മറെറാരു ഇന്ത്യൻ ഭാഷയിലേക്കു പകരാൻ? ഇംഗ്ലീഷിന്റെ ഇടനിലയില്ലാതെ അവ ഒരിന്ത്യൻഭാഷയിൽനിന്ന് മറെറാരി